2014-ലെ 5-ാം ആക്റ്റ്

# 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ്*

ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസപുരോഗതിക്കും
ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും
വേണ്ടി ഒരു സംസ്ഥാന കമ്മീഷൻ രൂപീകരിക്കുന്ന
തിനും അതുമായി ബന്ധപ്പട്ടതോ അതിന്
ആനുഷംഗികമായതോ ആയ കാര്യ
ങ്ങൾക്കുംവേണ്ടി വ്യവസ്ഥ
ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—കേരള സംസ്ഥാനത്തിലെ ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.—

## അദ്ധ്യായം I

## പ്രാരംഭം

**1.** ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത്, 2013 മെയ് 15-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

---

* 2014 ഫെബ്രുവരി 13–ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 2014 ഫെബ്രുവരി 13–ാം തീയതിയിലെ 495–ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

2. <u>നിർവ്വചനങ്ങൾ.</u>—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കമ്മീഷൻ" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എന്നർത്ഥമാകുന്നു;

(ബി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(സി) "അംഗം" എന്നാൽ കമ്മീഷനിലെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു;

(ഡി) "ന്യൂനപക്ഷം" എന്നാൽ കേന്ദ്രസർക്കാരിനാൽ 1992-ലെ ന്യൂനപക്ഷങ്ങൾക്ക് വേണ്ടിയുള്ള ദേശീയ കമ്മീഷൻ ആക്റ്റിൻ (1992-ലെ 19-ാം കേന്ദ്ര ആക്റ്റ്) കീഴിൽ വിജ്ഞാപനം ചെയ്യപ്പെടുന്ന സമുദായം എന്നർത്ഥമാകുന്നു;

(ഇ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകന്നു.

## <u>അദ്ധ്യായം II</u>

3. <u>കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ രൂപീകരണം.</u>—(1) സർക്കാർ, ഈ ആക്റ്റിന്റെ പ്രാരംഭത്തീയതിക്കുശേഷം കഴിയുന്നത്രവേഗം, ഗസറ്റ് വിജ്ഞാപനംവഴി, "കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ" എന്നറിയപ്പെടുന്ന ഒരു നികായം, ഈ ആക്റ്റിൻകീഴിൽ അതിന് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുംവേണ്ടി, രൂപീകരിക്കേണ്ടതാണ്.

(2) കമ്മീഷനിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സംസ്ഥാനത്തെ ഒരു ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ളതും നിയമ പരിജ്ഞാനമുള്ളതുമായ ഒരു ചെയർപേഴ്സൺ;

(ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സംസ്ഥാനത്തെ [ഒരു][1] ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ളതുമായ ഒരു അംഗം;

---

1 2017-ലെ 5-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് ( 2017 ഫെബ്രുവരി 3-ാം തീയതി പ്രാബല്യത്തിൽ വന്നു).

(സി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും ന്യൂനപക്ഷ സമുദായവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ളതും അത്തരം കാര്യങ്ങളിൽ പ്രവർത്തനമികവ് തെളിയിച്ചിട്ടുള്ളതുമായ ഒരു വനിത;

(3) ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ, അദ്ദേഹം കമ്മീഷന്റെ മെമ്പർ സെക്രട്ടറിയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ആയിരിക്കേണ്ടതും, കമ്മീഷൻ അതിന്റെ ഉത്തരവ് മുഖേന അധികാരപ്പെടുത്തിയേക്കാവുന്ന വിധത്തിലുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതും ആകുന്നു.

4. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും.—(1) ഓരോ അംഗത്തിനും, അദ്ദേഹം ഔദ്യോഗിക ചുമതലയേൽക്കുന്ന തീയതി മുതൽ മൂന്ന് വർഷം പൂർത്തിയാകുന്നതുവരെ തൽസ്ഥാനത്ത് തുടരാവുന്നതാണ്.

(2) കമ്മീഷന്റെ ചെയർപേഴ്സണോ, അംഗത്തിനോ, ഏതു സമയത്തും, സർക്കാരിന് സ്വന്തം കൈപ്പടയിൽ രേഖാമൂലം അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(3) സർക്കാർ, ചെയർപേഴ്സന്റെയോ, അംഗത്തിന്റെയോ ഔദ്യോഗിക സ്ഥാനത്തു നിന്നും ഒരാളെ, അയാൾ,—

(എ) ഒരു അവിമുക്ത നിർദ്ധനൻ ആയിത്തീരുകയോ; അല്ലെങ്കിൽ

(ബി) സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായി തീരുകയും അധികാരമുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുകയോ; അല്ലെങ്കിൽ

(ഡി) ജോലി ചെയ്യാൻ വിസമ്മതിക്കുകയോ അല്ലെങ്കിൽ ജോലി ചെയ്യാൻ കഴിവില്ലാതായി തീരുകയോ; അല്ലെങ്കിൽ

(ഇ) കമ്മീഷനിൽ നിന്നും മുൻകൂർ അനുമതി നേടാതെ കമ്മീഷന്റെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുകയോ; അല്ലെങ്കിൽ

(എഫ്) സർക്കാരിന്റെ അഭിപ്രായത്തിൽ, അയാൾ ആ സ്ഥാനത്ത് തുടരുന്നത് ന്യൂനപക്ഷങ്ങളുടെ താല്പര്യത്തിനോ പൊതുതാല്പര്യത്തിനോ ഹാനികരമായി തീരത്തക്കവിധം, ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തുകയോ;

ചെയ്താൽ നീക്കം ചെയ്യേണ്ടതാണ്:

എന്നാൽ, ഈ ഉപവകുപ്പിൻകീഴിൽ ഏതൊരാളെയും ആ സംഗതിയിൽ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ നീക്കം ചെയ്യാവുന്നതല്ല.

(4) (2)-ാം ഉപവകുപ്പിൻകീഴിലോ മറ്റുവിധത്തിലോ ഉണ്ടായ ഒഴിവുകൾ പുതിയ നാമനിർദ്ദേശം വഴി, നികത്തേണ്ടതും ആരുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെടുന്നത് അയാളുടെ കാലാവധിയിലെ അവശേഷിക്കുന്ന കാലയളവിലേക്ക് ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്.

(5) ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും അവരുടെ സേവനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

5. <u>കമ്മീഷനിലെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും.</u>—(1) കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമെന്ന് കരുതുന്ന ഉദ്യോഗസ്ഥരെയും മറ്റു ജീവനക്കാരെയും സർക്കാർ നൽകേണ്ടതാണ്.

(2) കമ്മീഷന്റെ ആവശ്യത്തിനുവേണ്ടി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും അവരുടെ സേവന വ്യവസ്ഥകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

6. <u>ശമ്പളവും ബത്തകളും ഭരണപരമായ ചെലവുകളും ഗ്രാന്റിൽ നിന്ന് നൽകണമെന്ന്.</u>—ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും 5-ാം വകുപ്പ് (1) -ാം ഉപവകുപ്പിൽ പരാമർശിച്ച ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണപരമായ ചെലവുകളും, 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റിൽ നിന്നും നൽകേണ്ടതാണ്.

7. <u>ഒഴിവുകൾ മുതലായവ കമ്മീഷന്റെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്.</u>— കമ്മീഷന്റെ രൂപീകരണത്തിലുള്ള ന്യൂനതയാലോ, ഏതെങ്കിലും തരത്തിൽ കമ്മീഷനിൽ

നിലനിൽക്കുന്ന ഒഴിവിനാലോ കമ്മീഷന്റെ ഏതെങ്കിലും പ്രവൃത്തിയോ നടപടിക്രമമോ അസാധുവാകുന്നതല്ല.

8. നടപടിക്രമം കമ്മീഷൻ ക്രമപ്പെടുത്തേണ്ടതാണെന്ന്.—(1) ചെയർപേഴ്സൺ യുക്തമെന്ന് കരുതുന്ന, അങ്ങനെയുള്ള സമയത്തും സ്ഥലത്തും, ആവശ്യമായി വരുമ്പോഴെല്ലാം, കമ്മീഷൻ യോഗം ചേരേണ്ടതാണ്:

എന്നാൽ, ചുരുങ്ങിയത് മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും അങ്ങനെയുള്ള യോഗം ചേരേണ്ടതാണ്.

(2) കമ്മീഷന് അതിന്റെ സ്വന്തം നടപടിക്രമങ്ങളെ ക്രമീകരിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) കമ്മീഷന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും മെമ്പർ-സെക്രട്ടറി പ്രമാണീകരിക്കേണ്ടതാണ്.

(4) കമ്മീഷന്റെ യോഗത്തിനുള്ള ക്വാറം രണ്ട് ആയിരിക്കുന്നതാണ്.

## അദ്ധ്യായം III

## കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും

9. കമ്മീഷന്റെ ചുമതലകൾ.—കമ്മീഷൻ താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്.-

(എ) സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക;

(ബി) കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനുംവേണ്ടി, ഭാരതത്തിന്റെ ഭരണഘടനയിലോ മറ്റേതെങ്കിലും നിയമത്തിൻകീഴിലോ സർക്കാരിന്റെ ഏതെങ്കിലും ഉത്തരവിൻ കീഴിലോ, വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തന രീതി അന്വേഷിക്കുകയും നിരീക്ഷണ വിധേയമാക്കുകയും ചെയ്യുക;

(സി) ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായുള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പ്രത്യേക പരാതികളിൻമേൽ അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ

കൊണ്ടുവരികയും പരിഹാരനടപടികൾ നിർദ്ദേശിക്കുകയും അതുസംബന്ധിച്ച തുടർനടപടികൾ നിരീക്ഷിക്കുകയും ചെയ്യുക;

(ഡി) ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക വികസനത്തിനുള്ള ആസൂത്രണ പരിപാടികളിൽ പങ്കെടുക്കുകയും ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക;

(ഇ) ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള നടപടികളും സംരക്ഷണ വ്യവസ്ഥകളും ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികൾ ശുപാർശ ചെയ്യുന്നതിനും വാർഷികമായോ, കമ്മീഷന് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള മറ്റ് സമയങ്ങളിലോ സർക്കാരിന് റിപ്പോർട്ട് നൽകുകയും അവ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും ചെയ്യുക;

(എഫ്) ന്യൂനപക്ഷങ്ങളോടുള്ള വിവേചനങ്ങളിൽ നിന്ന് ഉണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ പഠനവിധേയമാക്കുകയും അവ ഒഴിവാക്കുന്നതിന് നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക;

(ജി) ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുകയും സെമിനാറുകൾ, സിമ്പോസിയം, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുക;

(എച്ച്) ന്യൂനപക്ഷത്തെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക;

(ഐ) ന്യൂനപക്ഷങ്ങളെ സംബന്ധിക്കുന്ന ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച്, പ്രത്യേകിച്ച് അവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച്, സർക്കാരിന് കാലാകാലങ്ങളിലോ പ്രത്യേകമായോ റിപ്പോർട്ട് സമർപ്പിക്കുക;

(ജെ) ന്യൂനപക്ഷങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക;

(കെ) വിവിധ തൊഴിൽദാന പദ്ധതികളിലും സാമൂഹ്യ വികസന പദ്ധതികളിലും ന്യൂനപക്ഷങ്ങൾക്ക് ജനസംഖ്യാനുപാതികമായ പങ്ക് ഉറപ്പാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുക;

(എൽ) സാമുദായികസംഘർഷസാദ്ധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ ക്രമസമാധാനപാലന സംവിധാനം ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വീഴ്ചകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുക;

(എം) ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ ഏൽപ്പിച്ചു കൊടുക്കുന്ന മറ്റേതെങ്കിലും കാര്യം ചെയ്യുക.

**10.** <u>ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിലുള്ള മേൽനോട്ടം.</u>—സംസ്ഥാനത്ത് താമസിക്കുന്ന ന്യൂനപക്ഷ സമുദായത്തിൽപെടുന്നവർക്ക് സർക്കാർ നിശ്ചയിക്കുന്ന രീതിയിലും മാതൃകയിലും ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ വൈഷമ്യം നേരിടുന്നതായുള്ള ഏതെങ്കിലും സംഗതി കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് കമ്മീഷന് സർക്കാരിന് റിപ്പോർട്ട് ചെയ്യാവുന്നതും പരിഹാരം നിർദ്ദേശിക്കാവുന്നതുമാണ്.

**11.** <u>റിപ്പോർട്ട് വയ്ക്കൽ.</u>—സംസ്ഥാന സർക്കാർ, **9**-ാം വകുപ്പ് (ഇ) ഖണ്ഡത്തിൽ പരാമർശിക്കുന്ന പ്രകാരമുള്ള റിപ്പോർട്ടുകൾ, അതിന്മേലെടുത്തതോ എടുക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും ശിപാർശകൾ സ്വീകരിക്കാതിരിക്കുവാനുള്ള കാരണങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അതും വിശദമാക്കിക്കൊണ്ട്, നിയമസഭ മുമ്പാകെ വയ്പിക്കേണ്ടതാണ്.

**12.** <u>കമ്മീഷന്റെ അധികാരങ്ങൾ.</u>—**(1)** കമ്മീഷൻ, **9**-ാം വകുപ്പുപ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ, ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും, പ്രത്യേകിച്ചും താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച്, ഉണ്ടായിരിക്കുന്നതാണ്, അതായത്.-

(എ) സംസ്ഥാനത്തിന്റെ ഏത് ഭാഗത്തുനിന്നും ഏതൊരാളെയും വിളിച്ചു വരുത്തുകയും ഹാജരാകുന്നത് ഉറപ്പുവരുത്തുകയും സത്യപ്രതിജ്ഞയിന്മേൽ അയാളെ വിസ്തരിക്കുകയും ചെയ്യുക;

(ബി) ഏതെങ്കിലും രേഖ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുക;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക;

(ഡി) ഏതെങ്കിലും കോടതിയിൽ നിന്നോ ആഫീസിൽ നിന്നോ മറ്റു സ്ഥാപന ത്തിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക;

(ഇ) സാക്ഷികളെ വിസ്തരിക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്യുക;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതികൾ.

(2) നിലവിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൻകീഴിൽ തനിക്ക് വിശേഷാധികാര മുണ്ടെന്ന് ഒരു വ്യക്തി ഉന്നയിച്ചേക്കാവുന്ന അവകാശവാദത്തിന് വിധേയമായി, കമ്മീഷന്റെ അഭിപ്രായത്തിൽ, അന്വേഷണത്തിന്റെ വിഷയത്തിന് ആസ്പദമായതോ അല്ലെങ്കിൽ പ്രസക്തമായതോ ആയ ഏതെങ്കിലും കാര്യമോ വിഷയമോ സംബന്ധിച്ച് വിവരം നൽകുന്നതിന് ഏതൊരു വ്യക്തിയോടും ആവശ്യപ്പെടുവാൻ കമ്മീഷന് അധികാരമുണ്ടായിരിക്കുന്നതും അങ്ങനെ ആവശ്യപ്പെടുന്ന വ്യക്തി 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 176-ഉം 177-ഉം വകുപ്പുകളുടെ അർത്ഥവ്യാപ്തിയിൽ ഉൾപ്പെടുന്നതും അങ്ങനെയുള്ള വിവരം നൽകാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനാണെന്ന് കരുതപ്പെടേണ്ടതുമാണ്.

(3) കമ്മീഷനോ അല്ലെങ്കിൽ ഗസറ്റഡ് ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത, ഇതിനുവേണ്ടി കമ്മീഷൻ പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ, അന്വേഷണത്തിലിരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട രേഖകൾ കണ്ടെത്താമെന്ന് വിശ്വസിക്കാവുന്ന കാരണമുണ്ടെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന സമയത്ത് ഏതൊരു കെട്ടിടത്തിലോ സ്ഥലത്തോ പ്രവേശിക്കാവുന്നതും അത്തരം ഏതൊരു രേഖയും പിടിച്ചെടുക്കാവുന്നതും അല്ലെങ്കിൽ അവയുടെ പ്രസക്ത ഭാഗങ്ങളോ പകർപ്പുകളോ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 100-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, അവ ബാധകമാകുന്നിടത്തോളം, എടുക്കാവുന്നതുമാണ്.

(4) കമ്മീഷനെ ഒരു സിവിൽ കോടതിയായി കരുതപ്പെടേണ്ടതും 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 175, 178, 180, 228 എന്നീ വകുപ്പുകളിൽ വിവരിച്ചിട്ടുള്ള കുറ്റം കമ്മീഷന്റെ സാന്നിദ്ധ്യത്തിൽ ചെയ്തിട്ടുള്ളപക്ഷം, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥ ചെയ്തപ്രകാരം കുറ്റാരോപിതന്റെ പ്രസ്താവനയും കുറ്റത്തിന് ആസ്പദമായ വസ്തുതകളും രേഖപ്പെടുത്തിയശേഷം കമ്മീഷൻ, അത് വിചാരണ

ചെയ്യാൻ അധികാരിതയുള്ള മജിസ്ട്രേറ്റിന് കൈമാറേണ്ടതും മജിസ്ട്രേറ്റ്, അത് 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 346-ാം വകുപ്പിൻകീഴിൽ അദ്ദേഹത്തിന് കൈമാറപ്പെട്ടത് എന്നതുപോലെ കുറ്റാരോപിതന് എതിരെയുള്ള പരാതി കേൾക്കാനുള്ള നടപടി തുടരേണ്ടതുമാണ്.

(5) 9-ാം വകുപ്പുപ്രകാരം കമ്മീഷന്റെ മുമ്പാകെയുള്ള എല്ലാ നടപടികളും, 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 196-ാം വകുപ്പിന്റെ ഉദ്ദേശ്യങ്ങൾക്കുവേണ്ടി 193, 228 എന്നീ വകുപ്പുകളുടെ അർത്ഥവ്യാപ്തിയിൽ വരുന്ന നീതിന്യായ നടപടിയായി കരുതപ്പെടേണ്ടതും 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) XXVI-ാം അദ്ധ്യായത്തിന്റെയും 195-ാം വകുപ്പിന്റേയും എല്ലാ ആവശ്യങ്ങൾക്കും വേണ്ടിയും കമ്മീഷനെ ഒരു സിവിൽ കോടതിയായി കരുതപ്പെടേണ്ടതുമാണ്.

(6) കമ്മീഷന്, അന്വേഷണത്തെ സംബന്ധിക്കുന്ന തെളിവെടുപ്പിനു വേണ്ടിയുള്ള ആവശ്യത്തിലേക്കായി സംസ്ഥാന സർക്കാരിന്റെ ഏതൊരു ഉദ്യോഗസ്ഥന്റെയോ അന്വേഷണ ഏജൻസിയുടെയോ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

(7) (6)-ാം ഉപവകുപ്പുപ്രകാരം ഏതൊരു ഉദ്യോഗസ്ഥന്റെയോ അന്വേഷണ ഏജൻസിയുടെയോ സേവനമാണോ ഉപയോഗപ്പെടുത്തിയിട്ടുള്ളത് ആ ഉദ്യോഗസ്ഥനോ ഏജൻസിയോ അതു സംബന്ധിച്ച് അന്വേഷണം നടത്തി തെളിവെടുപ്പ് നടത്തേണ്ടതും, അതിന്മേലുള്ള റിപ്പോർട്ട് കമ്മീഷൻ ഇതിനായി നിശ്ചയിക്കുന്ന കാലയളവിനുള്ളിൽ, കമ്മീഷന് സമർപ്പിക്കേണ്ടതുമാണ്.

(8) (7)-ാം ഉപവകുപ്പുപ്രകാരം സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ എത്തിച്ചേർന്നിട്ടുള്ള ഏതെങ്കിലും നിഗമനത്തിന്റെയോ റിപ്പോർട്ടിലെ വസ്തുതകളുടെയോ കൃത്യത സംബന്ധിച്ച് കമ്മീഷൻ സ്വയം ബോദ്ധ്യപ്പെടേണ്ടതും ഈ ഉദ്ദേശ്യത്തിലേക്ക് തെളിവെടുപ്പ് നടത്തിയതോ അതിനു സഹായിച്ചതോ ആയ വ്യക്തിയുടെ വിസ്താരം ഉൾപ്പെടെയുള്ള അതിനു യുക്തമെന്നു തോന്നുന്ന അന്വഷണം നടത്താവുന്നതുമാണ്.

13. <u>വ്യക്തികൾ കമ്മീഷന് നൽകുന്ന പ്രസ്താവനകൾ</u>.—ഒരു വ്യക്തി തെളിവെടുപ്പ് സമയത്ത് കമ്മീഷൻ മുമ്പാകെ ആ വ്യക്തിയെ സംബന്ധിച്ച് നൽകുന്ന പ്രസ്താവന, അത്തരം പ്രസ്താവന വഴി തെറ്റായ തെളിവു നൽകിയതിനുള്ള പ്രോസിക്യൂഷൻ നടപടിയിൽ ഒഴികെ, ഏതെങ്കിലും സിവിൽ കോടതിയിലോ ക്രിമിനൽ കോടതിയിലോ ഉള്ള നടപടികളിൽ പ്രസ്തുത വ്യക്തിക്കെതിരെ ഉപയോഗിക്കാൻ പാടുള്ളതല്ല:

എന്നാൽ, ആ പ്രസ്താവന,—

(എ) കമ്മീഷൻ ആ ആളിനോട് മറുപടി പറയാൻ ആവശ്യപ്പെട്ട ഒരു ചോദ്യത്തിനുള്ള മറുപടിയായി നൽകിയത്; അല്ലെങ്കിൽ

(ബി) തെളിവെടുക്കുന്ന വിഷയത്തിൽ പ്രസക്തിയുള്ളത്,

ആയിരിക്കണം.

14. ഹാനികരമായവിധം ബാധിക്കാനിടയുള്ള വ്യക്തികളെ കേൾക്കണമെന്ന്.— തെളിവെടുപ്പിന്റെ ഏതെങ്കിലും ഘട്ടത്തിൽ കമ്മീഷന്,—

(എ) ഏതെങ്കിലും വ്യക്തിയുടെ സ്വാഭാവത്തെപ്പറ്റി അന്വേഷിക്കേണ്ടത് ആവശ്യമാണെന്ന അഭിപ്രായമുണ്ടെങ്കിൽ; അഥവാ

(ബി) തെളിവെടുപ്പുകൊണ്ട് ഏതെങ്കിലും വ്യക്തിയുടെ കീർത്തിയെ ഹാനികരമായി ബാധിക്കാൻ ഇടയുണ്ടെന്ന് അഭിപ്രായമുണ്ടെങ്കിൽ;

അന്വേഷണത്തിൽ ആ വ്യക്തിയെ കേൾക്കുന്നതിനും അയാളുടെ പ്രതിരോധത്തിനുള്ള തെളിവുകൾ ഹാജരാക്കുന്നതിനും അയാൾ അപേക്ഷയിന്മേൽ അപ്രകാരം ആവശ്യപ്പെടുന്നുവെങ്കിൽ നടപടികൾ 'ഇൻ ക്യാമറ' ആയി നടത്തുന്നതിനും ന്യായമായ ഒരവസരം നൽകേണ്ടതാണ്.

## അദ്ധ്യായം IV

## ധനകാര്യവും കണക്കുകളും ആഡിറ്റും

15. സർക്കാരിൽ നിന്നുള്ള ഗ്രാൻറ്.—(1) സർക്കാർ, സംസ്ഥാന നിയമസഭയിൽ ഇതിലേക്കായി നിയമംമൂലം യഥാവിധി ധനവിനിയോഗം നടത്തിയതിനുശേഷം, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് വിനിയോഗിക്കപ്പെടുന്നതിനായി, ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള തുക ഗ്രാൻറായി കമ്മീഷന് നൽകേണ്ടതാണ്.

(2) കമ്മീഷന്, ഈ ആക്റ്റിൻകീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് അതിന് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള തുക ഗ്രാൻറിൽ നിന്ന് ചെലവാക്കാവുന്നതും അപ്രകാരമുള്ള തുക (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാൻറിൽ നിന്ന് നൽകേണ്ടതായ ചെലവായി കരുതേണ്ടതുമാണ്.

**16.** കണക്കുകളും ആഡിറ്റും.—**(1)** കമ്മീഷൻ, ശരിയായ കണക്കുകളും മറ്റ് പ്രസക്ത റിക്കാർഡുകളും സൂക്ഷിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെൻറ് തയ്യാറാക്കേണ്ടതുമാണ്.

**(2)** കമ്മീഷന്റെ കണക്കുകൾ, ഇതിലേക്കായി കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറൽ ചുമതലപ്പെടുത്തിയ ആഡിറ്റർ വർഷംതോറും ആഡിറ്റ് ചെയ്യേണ്ടതാണ്.

**(3)** ആഡിറ്റ് ചെയ്യുന്നതിന്റെ ആവശ്യത്തിലേക്കായി കമ്മീഷന്റെ എല്ലാ കണക്കുകളും മറ്റ് റിക്കാർഡുകളും ആഡിറ്റർക്ക് ലഭ്യമാക്കേണ്ടതാണ്.

**17.** ആഡിറ്റ് റിപ്പോർട്ട് നിയമസഭ മുൻപാകെ വയ്ക്കണമെന്ന്.—ആഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ, കഴിയുന്നത്ര വേഗം, സർക്കാർ അവ നിയമസഭ മുൻപാകെ വയ്പ്പിക്കേണ്ടതാണ്.

**18.** വാർഷിക റിപ്പോർട്ട്.—കമ്മീഷൻ, മുൻ സാമ്പത്തിക വർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണ വിവരം നൽകുന്ന വാർഷിക റിപ്പോർട്ട് ഓരോ സാമ്പത്തിക വർഷത്തേക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും സമയത്തും തയ്യാറാക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ് സർക്കാരിലേക്ക് നേരിട്ട് അയയ്ക്കേണ്ടതുമാണ്.

## അദ്ധ്യായം V

## പലവക

**19.** കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും ജീവനക്കാരും പബ്ലിക് സെർവന്റുമാർ ആയിരിക്കുമെന്ന്.—കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും ജീവനക്കാരും **1860**-ലെ ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിലെ (**1860**-ലെ **45**-ാം കേന്ദ്ര ആക്റ്റ്) **21**-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സെർവന്റുമാരായി കരുതപ്പെടേണ്ടതാണ്.

**20.** ചട്ടങ്ങളുണ്ടാക്കുന്നതിനുള്ള അധികാരം.-**(1)** സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി പിൽക്കാല പ്രാബല്യത്തോടുകൂടിയോ, മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

**(2)** അങ്ങനെയുള്ള ചട്ടങ്ങൾ, പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്.—

(എ) 4-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം ചെയർപേഴ്സണും അംഗങ്ങൾക്കും, 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഉദ്യോഗസ്ഥൻമാർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും അവരുടെ സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും വ്യവസ്ഥകളും;

(ബി) 10-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ, ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് നൽകേണ്ട രീതിയും ഫാറവും;

(സി) 12-ാം വകുപ്പ് (എഫ്) ഖണ്ഡത്തിൻകീഴിലുള്ള മറ്റേതെങ്കിലും കാര്യം;

(ഡി) 16-ാം വകുപ്പ്, (1)-ാം ഉപവകുപ്പുപ്രകാരം തയ്യാറാക്കേണ്ടതായ കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റിന്റെ ഫാറം;

(ഇ) 18-ാം വകുപ്പുപ്രകാരം വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതായ ഫാറവും സമയവും;

(എഫ്) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതികൾ.

(3) ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

**21.** വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം, അത്തരം വൈഷമ്യം

നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ, വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ടു വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനു ശേഷം, കഴിയുന്നത്ര വേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

**22.** റദ്ദാക്കലും ഒഴിവാക്കലും.—**(1) 2013**-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഓർഡിനൻസ് **(2013**-ലെ **44)** ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

**(2)** അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.